7. പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയശേഷം എസ്.എഫ്.എ.സി. ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടിന്റെയും പ്രത്യേക പരിശോധക സമിതിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ എസ്.എഫ്.എ.സി. യുടെ ഗവേണിംഗ് ബോഡി അന്തിമ അനുമതി നൽകുന്ന മുറയ്ക്ക് സബ്സിഡി തുക സംരംഭകരുടെ വായ്പാ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്.

8. പദ്ധതി ആരംഭിച്ച് കുറഞ്ഞത് 5 വർഷമെങ്കിലും പ്രോജക്ട് പ്രകാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം വിജയകരമായി നടപ്പിലാക്കേണ്ടതാണ്. അല്ലാത്തപക്ഷം സബ്സിഡി തുക നിയമവിധേയമായി സർക്കാരിലേക്ക് തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

9. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും എസ്.എഫ്.എ.സിയുടെ വെബ്സൈറ്റ് ആയ www.sfackerala.org സന്ദർശിക്കുക.






SFAC
लघु कृषक
कृषि व्यापार संघ

**ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം, കേരള**
Ist ഫ്ളോർ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്
കാർഷിക നഗര മൊത്ത വ്യാപാര മാർക്കറ്റ്,
വെൺപാലവട്ടം, ആനയറ. പി.ഒ.
തിരുവനന്തപുരം–695029.

Phone: 0471 – 2742110, 2742113, 9446303011
E-mail: sfackerala123@gmail.com
Website: www.sfackerala.org

Printed at KBPS, Kakkanad, Kochi-30

# കാർഷികോല്പന്ന അധിഷ്ഠിത മൂല്യവർദ്ധന പ്രോത്സാഹന പദ്ധതി






SFAC
लघु कृषक
कृषि व्यापार संघ

ചെറുകിട കർഷക കാർഷിക
വ്യാപാര കൺസോർഷ്യം
തിരുവനന്തപുരം, കേരള

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, കേരള സർക്കാർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

ദേശീയ സമ്പദ്ഘടനയിൽ ഏറെ പ്രാധാന്യമുള്ള നിരവധി കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിൽ കേരളം പ്രഥമ സ്ഥാനത്താണ്. പക്ഷേ അനുയോജ്യമായ സംസ്കരണ രീതികളുടെ അഭാവംമൂലം ഉല്പന്നങ്ങളുടെ നല്ലൊരു ശതമാനം ഉപയോഗശൂന്യമായി തീരുന്നുണ്ട്. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റി ഇത്തരം നഷ്ടം കുറയ്ക്കുന്നതിന് കാർഷികസംസ്കരണമേഖലയ്ക്ക് നല്ലൊരു പങ്ക് വഹിക്കുവാൻ കഴിയും. കേരളത്തിലെ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള വിവിധ പദ്ധതികൾക്ക് പ്രോത്സാഹനം നൽകി കാർഷിക ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കി ഭക്ഷ്യ സംസ്കരണമേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം പ്രവർത്തിക്കുന്നത്. കേരള സമ്പദ് വ്യവസ്ഥയിൽ ഉദിച്ച് വരുന്ന രണ്ട് പുതിയ മേഖലകളാണ് മൂല്യവർദ്ധനവും കാർഷികോല്പന്ന സംസ്കരണവും. കർഷകരുടെ വരുമാന വർദ്ധനവിലും തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിലും മേല്പ്പറഞ്ഞ മേഖലകൾ ഉണ്ടാക്കാവുന്ന സാമൂഹിക സാമ്പത്തിക ചലനങ്ങൾ കണക്കിലെടുക്കുമ്പോൾ നിലവിലെ സംസ്കരണത്തിനും മൂല്യവർദ്ധനവിനും വേണ്ടിയുള്ള സംരംഭങ്ങളുടെ എണ്ണം അപര്യാപ്തമാണ്. കേരളത്തിൽ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമാക്കുന്ന സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം നടപ്പിലാക്കി വരുന്നു.




## മാർഗ്ഗരേഖ

1. സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള 5 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവു വരുന്ന പദ്ധതികളാണ് സാമ്പത്തിക സഹായത്തിനുവേണ്ടി സമർപ്പിക്കേണ്ടത്.
2. മൂലധനച്ചെലവിന്റെ 40 ശതമാനം അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ്, ആ തുക എസ്.എഫ്.എ.സി. സബ്സിഡിയായി നൽകുന്നതാണ്. സംരംഭകർക്ക് മറ്റ് സർക്കാർ പദ്ധതികളിൽ നിന്നും സബ്സിഡി സ്വീകരിക്കാവുന്നതാണ്. എന്നാൽ ആകെ സബ്സിഡി തുക പദ്ധതി ചിലവിന്റെ 50 ശതമാനം കവിയാൻ പാടുള്ളതല്ല. ആകെ പദ്ധതി തുകയിൽ വസ്തുവിന്റെ വില ഉൾപ്പെടുന്നതല്ല.
3. വ്യക്തിഗത സംരംഭകർ, പങ്കാളിത്ത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരേതര ഏജൻസികൾ, ഉല്പാദക സംഘങ്ങൾ തുടങ്ങിയവർക്കെല്ലാം പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളവായ്പാബന്ധിത പദ്ധതികൾ മാത്രമേ പരിഗണിക്കുകയുള്ളു. ദേശസാല്കൃത / സ്വകാര്യ / ഷെഡ്യൂൾഡ് / സഹകരണ / ഗ്രാമീണ ബാങ്കുകളിൽ നിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്.
5. സംരംഭകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ വായ്പാ അനുമതി പത്രവും എസ്.എഫ്.എ.സി.ക്ക് സമർപ്പിക്കേണ്ടതാണ്.
6. സംരംഭകർ അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണന സാധ്യത എന്നിവ ഉറപ്പുവരുത്തിയിരിക്കണം.

